പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 863 — 28/9/2011-ൽ മറുപടിക്ക്

# ആനപ്പാന്തം ആദിവാസി കോളനിയിലെ വീട് നിർമ്മാണം

ചോദ്യം

പ്രൊഫ. സി. രവീന്ദ്രനാഥ് :

മറുപടി

കുമാരി. പി.കെ. ജയലക്ഷ്മി

(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| എ) | പുതുക്കാട് മണ്ഡലത്തിലെ മറ്റത്തൂർ ഗ്രാമപഞ്ചായത്തിലെ ആനപ്പാന്തം ആദിവാസി കോളനിയിൽ പട്ടയം കൊടുത്തതിനുശേഷം വീട് നിർമ്മാണം നാളിതുവരെ ആരംഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | നിലവിൽ വീട് നിർമ്മിക്കുന്നതിന് എന്തെങ്കിലും തടസ്സം ഉണ്ടോ എന്ന് വ്യക്തമാക്കുമോ; | (ബി) | തൃശ്ശൂർ ജില്ലയിൽ പുതുക്കാട് മണ്ഡലത്തിൽപ്പെട്ടതും വനത്തിനുള്ളിൽ സ്ഥിതി ചെയ്യുന്ന ആനപ്പാന്തം കോളനിയിൽ എത്തിച്ചേരുന്നതിന് മതിയായ റോഡ് സൗകര്യം ഇല്ലാത്തതിനാൽ കോളനിയിൽ എത്തിച്ചേരുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാലും കോളനി നിവാസികൾ സ്വന്തമായി വീട് നിർമ്മിക്കുന്നതിന് പ്രാപ്തരല്ലാത്തതിനാലും നിലവിൽ ഉണ്ടായിരുന്ന ഭവനനിർമ്മാണ ധനസഹായം അപര്യാപ്തമായതിനാലും സർക്കാർ ഏജൻസികളും മറ്റ് |

| | | | |
|---|---|---|---|
| | | | സന്നദ്ധസംഘടനകളും നിർമ്മാണ പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിന് തയ്യാറാകാത്തതും ഏറ്റെടുക്കാൻ തയ്യാറാകുന്നവർ പിന്നീട് പിൻ മാറുന്ന പ്രവണത ഉള്ളതിനാലും ഭവനനിർമ്മാണം നടപ്പാക്കുവാൻ പ്രയാസം നേരിട്ടിട്ടുണ്ട്. |
| (സി) | തടസ്സം ഉണ്ടെങ്കിൽ അത് പരിഹരിച്ച് വീട് നിർമ്മാണം ഉടൻ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | | ഭവന നിർമ്മാണ ധനസഹായം 1.25 ലക്ഷം രൂപയിൽ നിന്നും 2.5 ലക്ഷം രൂപയായി വർദ്ധിപ്പിച്ച സാഹചര്യത്തിൽ നിർമ്മാണ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ